23338

## കേരള സർക്കാർ

### സംഗ്രഹം

വനം - വന്യജീവി വകുപ്പ് - സർക്കാർ സഹോദര വകുപ്പുകൾ, പൊതു മേഖലാ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥപനങ്ങൾ എന്നിവയ്ക്ക് തടി അനുവദിക്കുന്നതിന് വില നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥകൾ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(എം. എസ്) നം. 104/2012/വനം തീയതി, തിരുവനന്തപുരം, 03.10.2012.

---

പരാമർശം:- 1) സ.ഉ. (എം.എസ്) നം. 38/07/വനം തീയതി, 13.06.2007.

3) സംരക്ഷണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 13.08.2012 തീയതിയിലെ പ്രൊ(5)-3324/12 നമ്പർ കത്ത്.

### ഉത്തരവ്

സർക്കാർ സഹോദര വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് തടി, ലേലത്തിൽ പങ്കെടുക്കാതെ ഡിപ്പോകളിൽ നിന്നും പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് നൽകുമ്പോൾ ഷെഡ്യൂൾ നിരക്കും കമ്പോള വില/ഡിപ്പോയിലെ വിലയും തമ്മിൽ ഭീമമായ അന്തരം ഉള്ളതിനാൽ വില കണക്കാക്കുമ്പോൾ സർക്കാരിന് നഷ്ടം സംഭവിക്കാനുള്ള സാദ്ധ്യതയുണ്ടെന്നും ഇപ്രകാരം തടികൾ തെരഞ്ഞെടുക്കുമ്പോൾ കേടുപാടുകൾ ഒട്ടുമില്ലാത്തതും ഉന്നത ഗുണനിലവാരത്തിലുള്ളതും പ്രസ്തുത ക്ളാസിൽപ്പെട്ട ഏറ്റവും വണ്ണം കൂടിയതുമായ തടികളാണ് തെരഞ്ഞെടുക്കാറുള്ളതെന്നും അത്തരം തടികൾക്ക് പലപ്പോഴും ഡിപ്പോകളിൽ റിക്കാർഡ് വില (മോഹ വില) ലഭിക്കാറുണ്ടെന്നും ആയതിനാൽ പരാമർശം ഒന്നിലെ ഉത്തരവിന്റെ 13 (എ) ഖണ്ഡിക ഭേദഗതി വരുത്തണമെന്നും പരാമർശം രണ്ടിലെ കത്തിലൂടെ സംരക്ഷണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശുപാർശ ചെയ്തിരിക്കുന്നു.

സർക്കാർ മേൽ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ഷെഡ്യൂൾഡ് നിരക്കും കമ്പോള വില / ഡിപ്പോയിലെ വിലയും തമ്മിൽ ഭീമമായ അന്തരം ഉള്ളതിനാൽ 13.06.2007 ലെ സ.ഉ. (എം.എസ്) നം. 38/07/വനം പ്രകാരം

വില കണക്കാക്കുമ്പോൾ സർക്കാരിന് നഷ്ടം സംഭവിക്കാനുള്ള സാദ്ധ്യതയുണ്ടെന്ന അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവിലെ വില നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥകൾ നിഷ്കർഷിക്കുന്ന 13 (എ) ഖണ്ഡിക ചുവടെ കുറിക്കും പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

''തടി തെരഞ്ഞെടുക്കുന്ന സമയത്ത് പ്രസ്തുത ക്ളാസിൽപ്പെട്ട തടിക്ക് പ്രാബല്യത്തിലുള്ള ഷെഡ്യൂൾ നിരക്കോ ഏറ്റവും അടുത്തുള്ള സർക്കാർ ഡിപ്പോയിൽ കഴിഞ്ഞ 6 മാസം നടന്ന തടിലേലത്തിലെ ഏറ്റവും കൂടിയ നിരക്കോ അതില്ലാത്തപക്ഷം ആ ഡിപ്പോ ഉൾപ്പെടുന്ന തടി വിൽപ്പന ഡിവിഷനിൽ കഴിഞ്ഞ 6 മാസത്തിനുള്ളിൽ ലഭിച്ച ഏറ്റവും കൂടിയ നിരക്കോ അതുമില്ലാത്തപക്ഷം ബന്ധപ്പെട്ട സർക്കിളിലെ ഏതെങ്കിലും ഡിവിഷനിൽ കഴിഞ്ഞ 6 മാസത്തിനുള്ളിൽ ലഭിച്ച ഏറ്റവും കൂടിയ നിരക്കോ അതുമില്ലാത്ത പക്ഷം സംസ്ഥാനത്തെ ഏതെങ്കിലും ഡിപ്പോയിൽ കഴിഞ്ഞ 6 മാസത്തിനുള്ളിൽ ലഭിച്ച ഏറ്റവും കൂടിയ നിരക്കോ ഏതാണ് കൂടുതൽ ആ നിരക്കായിരിക്കും വിലയായി ഈടാക്കേണ്ടത്''.

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 13(എ)യിലെ വ്യവസ്ഥകൾ മേൽ വിവരിച്ച പ്രകാരം ഭേദഗതി ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**പ്രദീപ് കുമാർ**
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ് :- 1) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, തിരുവനന്തപുരം.
2) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരം.
3) അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്, എ ആന്റ് ഇ ), കേരള, തിരുവനന്തപുരം.
4) കരുതൽ ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ്:- 1) മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2) വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3) പ്രതിപക്ഷ നേതാവിന്റെ സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ